2-6-1999-ൽ കമ്മീഷൻ റിപ്പോർട്ട് പരിഗണിച്ച മന്ത്രിസഭായോഗം റിപ്പോർട്ട് അംഗീകരിക്കുകയും ബ്രഹ്മപുരം ഡീസൽ വൈദ്യുതി നിലയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന വൈദ്യുതി ബോർഡിന് ഉണ്ടായതായി അന്വേഷണകമ്മീഷൻ കണ്ടെത്തിയ നഷ്ടത്തിന് ഉത്തരവാദികളായി പേരെടുത്തുപറഞ്ഞ പബ്ലിക് സർവെന്റ്സിനെതിരെ വിശദമായ അന്വേഷണം നടത്തുവാൻ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിക്കുകയും ചെയ്തിരിക്കുകയാണ്. ഇത്രയുമാണ് ഇതിനെ സംബന്ധിച്ച് പറയാനുള്ളത്.

IX. റിപ്പോർട്ട് സമർപ്പണം

സബ്ജക്ട് കമ്മിറ്റി I- ന്റെ നാലാമത് റിപ്പോർട്ട്

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറംപിൽ) : 1999-2000-ാം മാണ്ടിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-I -ന്റെ നാലാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി II-ന്റെ നാലാമത് റിപ്പോർട്ട്

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : 1999-2000-ാം മാണ്ടിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II -ന്റെ നാലാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി III-ന്റെ നാലാമത് റിപ്പോർട്ട്

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : 1999-2000-ാം മാണ്ടിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി- III -ന്റെ നാലാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി IV -ന്റെ നാലാമത് റിപ്പോർട്ട്

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) 1999-2000-ാം മാണ്ടിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ നാലാമത് റിപ്പോർട്ട് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി V -ന്റെ നാലാമത് റിപ്പോർട്ട്

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോക്ടർ എ. നീലലോഹിതദാസൻ നാടാർ) : 1999-2000-ാം മാണ്ടിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി- V-ന്റെ നാലാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി VI -ന്റെ നാലാമത് റിപ്പോർട്ട്

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള): 1999-2000-ാം മാണ്ടിലെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ 4-ാമത് റിപ്പോർട്ട് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രിയ്ക്കുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി VII -ന്റെ നാലാമത് റിപ്പോർട്ട്

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) 1999-2000-ാംമാണ്ടിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII ന്റെ 4-ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

203/2010.

LIBRARY ARCHIVES Kerala Legislative Assembly

സബ്ജക്ട് കമ്മിറ്റി VIII -ന്റെ നാലാമത് റിപ്പോർട്ട്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ.ടി. ശിവദാസ മേനോൻ): 1999-2000-ാമാണ്ടിലെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII ന്റെ 4-ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു

സബ്ജക്ട് കമ്മിറ്റി IX -ന്റെ നാലാമത് റിപ്പോർട്ട്

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ.എസ്. ശർമ്മ) :1999-2000-ാമാണ്ടിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX--ന്റെ 4-ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി X -ന്റെ നാലാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഇ.കെ നായനാർ): സർ, 1999-2000-ാമാണ്ടിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ നാലാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

X. നിയമനിർമ്മാണകാര്യം

1999-ലെ ഗുരുവായൂർ ദേവസ്വം (ഭേദഗതി) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

ശ്രീ. സി.പി. ബാലൻ വൈദ്യർ : സർ, ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിക്കുന്ന സമയത്ത്..... സഭയിൽ സംസാരിക്കുമ്പോൾ പാലിക്കേണ്ട ചില നടപടിക്രമങ്ങൾ ഉണ്ട്. ഗ്യാലറിയിലിരിക്കുന്ന സന്ദർശകരെ പരാമർശിക്കാൻ പാടില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അങ്ങനെ ഒരു പരാമർശം നടത്തി. പ്രതിപക്ഷ നേതാവിന്റെ ഭാഗത്തു നിന്നാണ് വന്നത്. അത് അദ്ദേഹം പിൻവലിച്ചു എന്നാണ് തോന്നുന്നത്. ബഹളത്തിൽ കേട്ടില്ല. പക്ഷേ അത് ഗൗരവമുള്ളതാണ്. അതു സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കറുടെ ഒരു റൂളിംഗ് വേണം. അങ്ങനെ പരാമർശിക്കാമോ?

മി. സ്പീക്കർ : ആ സന്ദർഭത്തിൽ തന്നെ..... അടിയന്തിര പ്രമേയത്തിന്റെ വേളയിലായതുകൊണ്ടാണ് അങ്ങേയ്ക്ക് ക്രമപ്രശ്നത്തിന് അവസരം തരാതിരുന്നത്. പക്ഷേ അങ്ങ് അതുന്നയിച്ചു. അത് പ്രതിപക്ഷ നേതാവ് ഉടൻ തന്നെ പിൻവലിയ്ക്കുകയും ചെയ്തു. പിൻവലിച്ചത് രേഖപ്പെടുത്തിക്കഴിഞ്ഞു. അതുകൊണ്ട് മറ്റ് കാര്യങ്ങളിലേക്ക് പോകുന്നില്ല. പ്രത്യേകിച്ച് റൂളിംഗിന്റെ ആവശ്യമില്ല.

വനവും ഗതാഗതവും വകുപ്പുമന്ത്രി

ഡോ.എ. നീലലോഹിതദാസൻ നാടാർ) : സർ, 1999-ലെ ഗുരുവായൂർ ദേവസ്വം (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.†

മി.സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ഡോ. എ. നീലലോഹിതദാസൻ നാടാർ : 1999-ലെ ഗുരുവായൂർ ദേവസ്വം (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച X--ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

---

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly